605
4/1/19

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- ആർമിയിൽ സേവനത്തിലിരിക്കെ, ഹരിയാനയിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട, നായിക് പ്രദീപ്.പി.കെ-യുടെ ഭാര്യ, ശ്രീമതി.സുജിത.സി-ക്ക്, പ്രത്യേക കേസായി പരിഗണിച്ച്, 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ ഇളവ് അനുവദിച്ച്, മലപ്പുറം ജില്ലയിൽ, എൽ.ഡി.ക്ലാർക്ക് തസ്തികയിൽ, തൊഴിൽ സഹായം നൽകുന്നതിന്, ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ വകുപ്പ്**

**സ.ഉ.(എം.എസ്)നം.01/2019/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം:04.01.2019**

പരാമർശം:- ശ്രീമതി. സുജിത.സി-യുടെ 18/07/2016 ലെ അപേക്ഷ.

## ഉത്തരവ്

1. ആർമിയിൽ നായിക് ആയി സേവനമനുഷ്ഠിച്ചു വരവേ, ഹരിയാനയിൽ വച്ചുണ്ടായ വാഹനാപകടം കാരണം, 01/06/2012 ൽ മരണപ്പെട്ട പ്രദീപ്.പി.കെ-യുടെ ഭാര്യ, ശ്രീമതി.സുജിത.സി, തനിക്ക് തൊഴിൽ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചപ്പോൾ, 29.4.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടിയാൾക്ക് തൊഴിൽ സഹായത്തിന് അർഹതയില്ലെന്ന് ചൂണ്ടിക്കാട്ടി, സർക്കാർ മറുപടി നൽകുകയുണ്ടായി. എന്നാൽ പ്രായമായ മാതാപിതാക്കളെയും ചെറിയ കുഞ്ഞിനെയും പരിപാലിക്കുന്നതിന് മറ്റ് യാതൊരു നിർവാഹവുമില്ലെന്നും കുടുംബത്തിന്റെ നിസ്സഹായാവസ്ഥ മാനിച്ച് മരണപ്പെട്ട ഭർത്താവിന്റെ ആശ്രിതയായ തനിക്ക് തൊഴിൽ സഹായം നൽകണമെന്നും ശ്രീമതി.സുജിത വീണ്ടും അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം, തൊഴിൽ സഹായം നൽകുന്നതിന് നിലവിൽ വ്യവസ്ഥയുള്ള 29/04/2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. സൈനിക അഭ്യാസം

കഴിഞ്ഞ് തിരിച്ച വരവേ, ഹരിയാനയിലെ ഹിസാർ എന്ന സ്ഥലത്തു വച്ചുണ്ടായ വാഹനാപകടത്തിൽപ്പെട്ടാണ്, നായിക് പ്രദീപ്.പി.കെ മരണമടഞ്ഞിട്ടുള്ളത്. നായിക് പ്രദീപ്.പി.കെയുടെ മരണം "Attributable to Military Service in Peace Area" എന്നാണ്, എഞ്ചിനിയേഴ്സ് റെക്കോർഡ്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത്.

3. ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ, പ്രസക്തമായ വ്യവസ്ഥകൾ പ്രകാരം, തൊഴിൽ സഹായത്തിന് അർഹതയുള്ളത് ഓപ്പറേഷണൽ ഏര്യാ/ ഫീൽഡ് ഏര്യാകളിൽ, സൈനിക ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ മരണപ്പെടുകയോ , അംഗവൈകല്യം സംഭവിക്കുകയോ, കാണാതാകുകയോ, ചെയ്യുന്ന സൈനികരുടെ ആശ്രിതർക്കാണ്. പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, പീസ് ഏര്യായിൽ വച്ച് മരണമടയുന്ന സൈനികരുടെ ആശ്രിതർക്ക് തൊഴിൽ സഹായത്തിന് അർഹതയില്ല. ഈ കേസിൽ ക്ഷമതയുള്ള മിലിട്ടറി അധികാരി നൽകിയിട്ടുള്ള സാക്ഷ്യപത്രം വ്യക്തമാക്കുന്നത് മരണം സംഭവിച്ചത് Peace Area ൽ വച്ചാണ് എന്നാണ്.

4. എന്നാൽ ശ്രീമതി.സുജിത.സി, ഒരു പ്രാവശ്യം തൊഴിൽ സഹായം നൽകുന്നതിന് സമർപ്പിച്ച അപേക്ഷ നിരസിച്ച മറുപടി നൽകിയിട്ടും, വീണ്ടും വീണ്ടും, തനിക്ക് ജീവിക്കാൻ മറ്റ് യാതൊരു നിവൃത്തിയുമില്ലെന്നും, പ്രായമായ മാതാപിതാക്കളെയും ചെറിയ കുഞ്ഞിനെയും പരിപാലിക്കാൻ കഴിയുന്നില്ലെന്നും, അറിയിച്ച്, നിസ്സഹായാവസ്ഥ ചൂണ്ടിക്കാട്ടി, അപേക്ഷ നൽകിയ സാഹചര്യത്തിൽ, സർക്കാർ വീണ്ടും ശ്രീമതി.സുജിതയുടെ അപേക്ഷ പരിഗണിക്കുകയുണ്ടായി. അതനുസരിച്ച് HQ 416 എഞ്ചിനീയർ ബ്രിഗേഡിൽ സൈനിക അഭ്യാസം കഴിഞ്ഞ് തിരിച്ച വരവേ, വാഹനാപകടത്തിൽപ്പെട്ട് മരണമടഞ്ഞ, നായിക് പ്രദീപ്.പി.കെ-യുടെ ആശ്രിതയുടെ നിസ്സഹായാവസ്ഥ കണക്കിലെടുത്ത്, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ

സർക്കാർ ഉത്തരവിൽ, ഇളവ് അനുവദിച്ച്, ശ്രീമതി.സുജിത.സി- യ്ക്ക്, മലപ്പുറം ജില്ലയിൽ , എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. മലപ്പുറം ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഒഴിവ്, റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക്, നിയമന ഉത്തരവ് നൽകുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുമന.എൻ.മേനോൻ**
**ഗവൺമെന്റ് സെക്രട്ടറി**

പകർപ്പ്-

1. ശ്രീമതി. സുജിത.സി, കൈലാസം ഹൗസ്, പെരകമണ്ണ.പി.ഓ, എടവണ്ണ മലപ്പുറം-676 541 (Regd post with A/D)
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം
3. പൊതുഭരണ (എസ്.സി) വകുപ്പിന് (03.01.2019 -ാം തീയതിയിലെ ഇനം നമ്പർ 2721 പ്രകാരം)
4. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്
5. നിയമ വകുപ്പിന്.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി. (ബന്ധപ്പെട്ട രേഖകൾ സഹിതം)
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

രഹസ്യം

-51-

# കേരള സർക്കാർ

## 6) മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 03-01-2019**

ഫയൽ നം.835785/SW2/2016/പൊ.ഭ.വ. ഇനം നം: 2721

വിഷയം : സൈനിക ക്ഷേമ വകുപ്പ് - ആർമിയിൽ നായിക് ആയി സേവനമനുഷ്ഠിക്കവേ 01.06.2012-ൽ ഹരിയാനയിൽ വച്ചുണ്ടായ വാഹനാപകടം കാരണം മരണപ്പെട്ട പ്രദീപ് പി.കെ.-യുടെ ഭാര്യ ശ്രീമതി സുജിത സി.-യ്ക്ക് പ്രത്യേക കേസായി പരിഗണിച്ച് 29.04.2002-ലെ സ.ഉ.(പി) 110/02/പൊ.ഭ.വ. നമ്പർ തൊഴിൽ സഹായ ഉത്തരവിൽ ഇളവനുവദിച്ച് എൽ.ഡി. ക്ലാർക്കായി നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സൈനിക ക്ഷേമ വകുപ്പ്

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | 835785/SW2/2016/പൊ.ഭ.വ |
| 2. വകുപ്പ് | : | സൈനിക ക്ഷേമ വകുപ്പ് |
| 3. വിഷയം | : | ആർമിയിൽ നായിക് ആയി സേവനമനുഷ്ഠിക്കവേ 01.06.2012 ൽ ഹരിയാനയിൽ വച്ചുണ്ടായ വാഹനാപകടം കാരണം മരണപ്പെട്ട പ്രദീപ്.പി.കെ യുടെ ഭാര്യ ശ്രീമതി.സുജിത.സി -യ്ക്ക് പ്രത്യേക കേസായി പരിഗണിച്ച് 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ തൊഴിൽ സഹായ ഉത്തരവിൽ ഇളവനുവദിച്ച് എൽ.ഡി ക്ലാർക്കായി നിയമനം നൽകുന്നതു- സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02.10.2018 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ ? | : | ഇല്ല . തൊഴിൽ സഹായം നൽകുന്നതുമൂലം സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുമെങ്കിലും അനുവദനീയ തസ്തികയിലായിരിക്കും നിയമനം എന്നതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല |
| (ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉദിക്കുന്നില്ല. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ഡോ.ഒ.സെറീന |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുമന. എൻ. മേനോൻ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.11.2018 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ടോം ജോസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.12.2018 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 18.12.2018 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21.12.2018 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. ആർമിയിൽ നായിക് ആയി സേവനമനുഷ്ഠിക്കവേ 01.06.2012 ൽ ഹരിയാനയിലെ ഹിസാർ എന്ന സ്ഥലത്തു വെച്ചുണ്ടായ വാഹനാപകടം കാരണം മരണപ്പെട്ട പ്രദീപ്.പി.കെ യുടെ ഭാര്യ ശ്രീമതി.സുജിത.സി -യ്ക്ക് 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ ഉത്തരവ് പ്രകാരമുള്ള തൊഴിൽ സഹായം നൽകുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് തൊഴിൽ സഹായം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. തൊഴിൽ സഹായം നൽകണമെന്നാവശ്യപ്പെട്ട് 23.05.2014 ൽ ശ്രീമതി.സുജിത നൽകിയ തൊഴിൽ സഹായത്തിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചതും ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ "Attributable to Military Service in Peace" എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ 29.04.2002 ലെ സ.ഉ(പി) നം.110/02/പൊ.ഭ.വ ഉത്തരവ് പ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് കാണിച്ച് മറുപടി നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രായമായ മാതാപിതാക്കളേയും ചെറിയ കുഞ്ഞുമടങ്ങുന്ന തന്റെ കുടുംബത്തിന്റെ നിസ്സഹായാവസ്ഥ പരിഗണിച്ച് തുടർന്ന് ജീവിക്കുന്നതിനായി , രാജ്യസേവനം ചെയ്തു മരണപ്പെട്ട ഭർത്താവിന്റെ ആശ്രിതയായ തനിയ്ക്ക് , തൊഴിൽ സഹായം നൽകണമെന്ന് ശ്രീമതി.സുജിത വീണ്ടും അപേക്ഷിക്കുകയുണ്ടായി. എന്നാൽ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ "Attributable to Military Service in Peace" എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ 29.04.2002 ലെ സ.ഉ(പി) നം.110/02/പൊ.ഭ.വ ഉത്തരവ് പ്രകാരം തൊഴിൽ സഹായത്തിന് അർഹതയില്ലാത്തതാണ്.

3. 3 എഞ്ചിനിയേഴ്സ് റെജിമെന്റ് , HQ 416 എഞ്ചിനീയർ ബ്രിഗേഡിന്റെ കൂടെ സൈനിക അഭ്യാസം കഴിഞ്ഞ് തിരിച്ച വരവേ ഹിസാർ എന്ന സ്ഥലത്ത വച്ചുണ്ടായ വാഹനാപകടത്തിൽപ്പെട്ട് മരണമടഞ്ഞ നായിക് പ്രദീപ്.പി.കെ യുടെ മരണം "Attributable to Military Service in Peace area" ആണെന്ന് എഞ്ചിനിയേഴ്സ് റെക്കോർഡ്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

4. 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ സഹായത്തിന് അർഹതയുള്ളത് ഓപ്പറേഷണൽ ഏര്യാ/ ഫീൽഡ് ഏര്യാകളിൽ സൈനിക ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ മരണപ്പെടുകയോ , അംഗവൈകല്യം സംഭവിക്കുകയോ, കാണാതാകുകയോ, ചെയ്യുന്ന സൈനികരുടെ ആശ്രിതർക്കാണ്. പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം Peace ഏര്യായിൽ വച്ച് ഇപ്രകാരം മരണമടയുന്ന സൈനികരുടെ ആശ്രിതർക്ക് തൊഴിൽ സഹായത്തിന് അർഹതയില്ല. ഈ കേസിൽ ക്ഷമതയുള്ള മിലിട്ടറി അധികാരി നൽകിയിട്ടുള്ള സാക്ഷ്യപത്രം വ്യക്തമാക്കുന്നത് മരണം സംഭവിച്ചത് Peace ഏര്യായിൽ വച്ചാണ് എന്നാണ്.

5. നിലവിൽ തൊഴിൽ സഹായം നൽകുന്നതിനുള്ള സ.ഉ(പി) 110/2002/പൊ.ഭ.വ ഉത്തരവ് പ്രകാരം ഓപ്പറേഷണൽ ഏര്യാ / ഫീൽഡ് ഏര്യായിൽ വച്ചല്ല മരണമടഞ്ഞത് എന്നതിനാലും "Attributable to Military Service in Peace area" എന്ന് ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും, തൊഴിൽ സഹായത്തിന് അർഹതയില്ല. ശ്രീമതി.സുജിതയ്ക്ക് തൊഴിൽ സഹായം നൽകണമെന്ന ആവശ്യം സബന്ധിച്ച് ഉചിതമായ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"എ) 24/05/1999 ലെ സ.ഉ (പി) നം. 12/99/പി & എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെയും മറ്റ് അനുബന്ധ ഉത്തരവുകളിലെയും സർക്കുലറുകളിലെയും വ്യവസ്ഥകൾ പ്രകാരം കേരള പബ്ലിക് സർവീസസ് ആക്ട് 1968 ന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടെ ആശ്രിത നിയമനമാണ് ഈ വകുപ്പിന്റെ അഭിപ്രായ പരിധിയിൽ വരുന്നത്. ഡിഫൻസ് സർവീസിലോ GREF/BSF, ജീവനക്കാർ മരിച്ചാൽ ടി ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നത്, 29-4-2002 ലെ സ.ഉ (പി) 110/02/പൊ.ഭ.വ, 23-5-15 ലെ സ.ഉ (പി) നം. 144/2015/പൊ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ്. ആയതിനാൽ ഈ വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിൽ ഈ വകുപ്പിന് പരിമിതിയുണ്ട്.

ബി) ഡ്യൂട്ടിക്കിടയിൽ അപകടം മൂലം മരണമടയുന്ന സംസ്ഥാന ജീവനക്കാരുടെ ആശ്രിതർക്ക് ഔട്ട് ഓഫ് ടേൺ പ്രയോറിറ്റി അനുവദിച്ച് നിയമം നൽകുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 03/02/2012 ലെ സ.ഉ (പി) നം. 06/2012/ഉ.ഭ.പ.വ ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സി) റൂൾസ് ഓഫ് ബിസിനസ്സ് പാർട്ട് I ൽ Second Schedule ലെ 46-ാം ഖണ്ഡികയിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്ന വിഷയങ്ങളിൽ Proposals requiring exemption from, or relaxation of, the conditions prescribed for eligibility for employment under the scheme for employment of dependents of

Government Servants dying in harness" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു കൊണ്ട് തന്നെ പ്രദീപ്.പി.കെ-യുടെ ഭാര്യ ശ്രീമതി സുജിതയ്ക്ക് നിയമനം നൽകുന്ന വിഷയം പരിഗണിക്കണമെന്ന് തീരുമാനിക്കുന്ന പക്ഷം ഭരണ വകുപ്പിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ് എന്ന വിവരം കൂടി ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തതിൽ നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" ശ്രീ.പ്രദീപ്.പി.കെ, 3 എഞ്ചിനിയേഴ്സ് റെജിമെന്റ് , HQ 416 എഞ്ചിനീയർ ബ്രിഗേഡിൽ സൈനിക അഭ്യാസം കഴിഞ്ഞ് തിരിച്ചു വരവേ വാഹനാപകടത്തിൽപ്പെട്ട് മരണപ്പെട്ടതായതിനാൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ഉത്തരവിൽ ഇളവ് വരുത്തിക്കൊണ്ട് ശ്രീമതി.സുജിതയ്ക്ക് ജോലി നൽകുന്നതിന് നടപടി കൈക്കൊള്ളുന്നതിൽ നിയമതടസ്സമില്ലെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ് ".

## തീരുമാനിക്കേണ്ട വിഷയം

3 എഞ്ചിനിയേഴ്സ് റെജിമെന്റ് , HQ 416 എഞ്ചിനീയർ ബ്രിഗേഡിൽ സൈനിക അഭ്യാസം കഴിഞ്ഞ് തിരിച്ചു വരവേ വാഹനാപകടത്തിൽപ്പെട്ട് മരണപ്പെട്ടതും മരണം "Attributable to Military Service in Peace area" എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പ്രദീപ്.പി.കെ യുടെ ഭാര്യ ശ്രീമതി.സുജിത.സി-യ്ക്ക് തൊഴിൽ സഹായത്തിന് നിലവിലുള്ള 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ ഉത്തരവിൽ ഇളവനുവദിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് മലപ്പുറം ജില്ലയിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകാമോ?

GOVERNMENT OF KERALA
(SHRI PINARAYI VIJAYAN MINISTRY)
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1. File Number | : | 835785/SW2/2016/GAD |
| 2. Department | : | Sainik Welfare Department |
| 3. Subject | : | Consideration of Application of Smt.Sujitha.C, W/o (late) Pradeep.P.K, who died due to road accident at Hariyana, for employment assistance, as L.D.Clerk, as a special case, relaxing the provisions of G.O(P)No.110/02/GAD dated 29.04.2002. |
| 4. Date of Chief Minister's order for placing before the Council | : | 02.10.2018 |
| 5. (i) Does the case involve financial Commitment/implications | : | No. Though providing Employment Assistance will incur financial burden, the appointment will be in a sanctioned post. Hence Finance Department has not been consulted. |
| (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Does not arise |
| 6. Are any other Departments concerned with the case and if so have they been consulted and their remarks incorporated in the Note for the Council? | : | Yes, The remarks of P&ARD & Law Department have been incorporated. |
| 7. Name of Joint Secretary who submitted the draft Note | : | Dr.O.Sareena |
| 8. Name of the Secretary who approved the Draft Note | : | Smt. Sumana. N. Menon |
| 9. Date of approval of the Draft Note for the Council by the Secretary | : | 26.11.2018 |
| 10. Name of Chief Secretary who approved the Draft Note | : | Sri.Tom Jose |
| 11. Date of approval of the draft Note for the Council by the Chief Secretary. | : | 06.12.2018 |
| 12. Name of Minister who approved the Draft Note | : | Sri. Pinarayi Vijayan (Chief Minister) |
| 13. Date of approval of the Draft Note for the Council by the Chief Minister | : | 18.12.2018 |
| 14. Date of Submission of fair copies | : | 21.12.2018 |
| 15. Date of decision by the Council of Minister | | |
| 16. Number and date of the G.O/letter Communicating the decision | : | |

# NOTES FOR THE COUNCIL OF MINISTERS

1. This Note relates to consideration of the Application of Smt.Sujitha.C, for Employment Assistance, filed, consequent to the death of her husband Naik Pradeep.P.K on 01.06.2012, caused by road accident at Hizar in Hariyana, under the provisions of G.O(P)No.110/02/GAD dated 29.04.2002.

2. When Smt.Sujitha.C filed application dated 23.05.2014, seeking employment assistance, Government rejected the said application, on the ground that she is not eligible for employment assistance under the provisions of G.O(P)110/02/GAD dated 29.04.2002, since the death of her husband was certified as death, "Attributable to Military Service in Peace Area". Smt.Sujitha.C again filed application before the Government, for employment assistance pointing out the pathetic condition of her old aged parents and her small child, whom, she was unable to take care of, since she is unemployed and her status of being the wife of a soldier, who died while serving the nation. Since the death of her husband was certified to be "Attributable to Military Service in Peace Area" she is not eligible for employment assistance under the provisions of G.O(P)No.110/02/GAD dated 29.04.2002.

3. Naik Pradeep.P.K of 3 Engineers Regiment, HQ 416 died due to head injury and multiple fractures sustained in

vehicle accident at Hizar, Hariyana. The death of Pradeep.P.K was certified to be "Attributable to Military Service in peace Area" as per the Attributability Certificate issued by the Engineers Records Officer.

4. G.O(P) 110/02/GAD dated 29.04.2002, which relates to employment assistance to dependents of military personnel, provides that the said assistance can be given only to the dependents of those military personnel, who are killed /disabled/ missing in operational area/ field area. As per the said Government Order, there is no provision for giving employment assistance for the dependents of those military personnel who are killed /disabled/ missing in peace area. In this case the Attributability Certificate issued by the military authorities clearly indicates that the death occurred in peace area.

5. When the file was circulated to Hon'ble Chief Minister, the Chief Minister ordered to get the remarks of Personnel & Administrative Reforms Department .

They remarked as follows:-

"എ) 24/05/1999 ലെ സ.ഉ (പി) നം. 12/99/പി & എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെയും മറ്റ് അനുബന്ധ ഉത്തരവുകളിലെയും സർക്കുലറുകളിലെയും വ്യവസ്ഥകൾ പ്രകാരം

കേരള പബ്ലിക് സർവീസസ് ആക്ട് 1968 ന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടെ ആശ്രിത നിയമനമാണ് ഈ വകുപ്പിന്റെ അഭിപ്രായ പരിധിയിൽ വരുന്നത്. ഡിഫൻസ് സർവീസിലോ GREF/BSF, ജീവനക്കാർ മരിച്ചാൽ ടി ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നത്, 29-4-2002 ലെ സ.ഉ (പി) 110/02/പൊ.ഭ.വ, 23-5-15 ലെ സ.ഉ (പി) നം. 144/2015/പൊ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ്. ആയതിനാൽ ഈ വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിൽ ഈ വകുപ്പിന് പരിമിതിയുണ്ട്.

**ബി)** ഡ്യൂട്ടിക്കിടയിൽ അപകടം മൂലം മരണമടയുന്ന സംസ്ഥാന ജീവനക്കാരുടെ ആശ്രിതർക്ക് ഔട്ട് ഓഫ് ടേൺ പ്രയോറിറ്റി അനുവദിച്ച് നിയമം നൽകുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 03/02/2012 ലെ സ.ഉ (പി) നം. 06/2012/ഉ.ഭ.പ.വ ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**സി)** റൂൾസ് ഓഫ് ബിസിനസ്സ് പാർട്ട് I ൽ Second Schedule ലെ 46-ാം ഖണ്ഡികയിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്ന വിഷയങ്ങളിൽ Proposals requiring exemption from, or relaxation of, the conditions prescribed for eligibility for employment under the scheme for employment of dependents of Government Servants dying in harness" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു കൊണ്ട് തന്നെ പ്രദീപ്.പി.കെ-യുടെ ഭാര്യ ശ്രീമതി സുജിതയ്ക്ക് നിയമനം നൽകുന്ന വിഷയം പരിഗണിക്കണമെന്ന് തീരുമാനിക്കുന്ന പക്ഷം ഭരണ വകുപ്പിന്

ഉചിതമായ തീരുമാനം എടുക്കാവുന്നതാണ് എന്ന വിവരം കൂടി ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. When the file was circulated to Hon'ble Chief Minister with the remarks of P & ARD, the Chief Minister ordered to place the matter before the Council of Ministers after consulting the Law Department.

When consulted, the Law Department opined as follows:

" ശ്രീ.പ്രദീപ്.പി.കെ, 3 എഞ്ചിനിയേഴ്സ് റെജിമെന്റ് , HQ 416 എഞ്ചിനീയർ ബ്രിഗേഡിൽ സൈനിക അഭ്യാസം കഴിഞ്ഞ് തിരിച്ചു വരവേ വാഹനാപകടത്തിൽപ്പെട്ട് മരണപ്പെട്ടതായതിനാൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ഉത്തരവിൽ ഇളവ് വരുത്തിക്കൊണ്ട് ശ്രീമതി.സുജിതയ്ക്ക് ജോലി നൽകുന്നതിന് നടപടി കൈക്കൊള്ളുന്നതിൽ നിയമതടസ്സമില്ലെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ് ".

## Point for decision

Whether the Applicant Smt.Sujitha.C, W/o (late)Naik Pradeep.P.K , 3 Engineers Regiment, HQ 416 who died due to head injury and multiple fractures sustained in vehicle accident and the death is certified to be Attributable to Military Service in Peace Area may be given Employment Assistance, as Lower Division Clerk in Malappuram District, as a special case, relaxing the provisions in G.O(P)110/02/GAD dated 29.04.2002.